## പതിമൂന്നാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1282 — 03-12-2015 -ൽ മറുപടിക്ക്

### വെള്ളപ്പൊക്കത്തിൽ തകർന്ന റോഡുകളുടെ പുനരുദ്ധാരണം

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ. തോമസ് ചാണ്ടി** | | **ശ്രീ.അടൂർ പ്രകാശ് (റവന്യൂവും കയറും വകുപ്പ് മന്ത്രി)** |
| എ) | വെള്ളപ്പൊക്കത്തിൽ തകർന്ന റോഡുകളുടെ പുനരുദ്ധാരണ പദ്ധതിയിൽ ഉൾപ്പെടുത്തി നിർമ്മാണം പൂർത്തീകരിച്ച ആലപ്പുഴ ജില്ലയിലെ റോഡുകൾക്ക് തുക അനുവദിക്കുന്നതിനു വേണ്ട അടിയന്തിര നടപടികൾ സ്വീകരിക്കുമോ; | എ) | ആലപ്പുഴ ജില്ലയിൽ വെള്ളപ്പൊക്കത്തിൽ തകർന്ന റോഡുകളുടെ പുനരുദ്ധാരണ പ്രവൃത്തികൾക്കായി ഈ വർഷം ആകെ '2 കോടി' രൂപ അനുവദിച്ചിട്ടുണ്ട്.. |
| ബി) | ആലപ്പുഴ ജില്ലയിൽ പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തിയ എത്ര നിർമ്മാണ പ്രവൃത്തികൾക്ക് എത്ര രൂപ വീതം കുടിശ്ശിക ഉണ്ടെന്ന് വ്യക്തമാക്കുമോ; | ബി) | റോഡ് പുനരുദ്ധാരണത്തിന് ആകെ 97 പ്രവൃത്തികളിലായി 4,81,15,528/- (നാലു കോടി എൺപത്തിയൊന്ന് ലക്ഷത്തി പതിനയ്യായിരത്തി അഞ്ഞൂറ്റി ഇരുപത്തിയെട്ട് രൂപാ മാത്രം) രൂപ കുടിശ്ശികയുണ്ട്. വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു. |
| സി) | കാലവർഷത്തിൽ തകർന്ന റോഡുകളുടെ പുനരുദ്ധാരണത്തിന് ഈ സാമ്പത്തിക വർഷം പുതിയ പ്രൊപ്പോസലുകൾ സ്വീകരിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ? | സി) | ഓരോ വർഷവും കാലവർഷക്കെടുതിയിൽ തകർന്ന റോഡുകളുടെ പുനരുദ്ധാര ണത്തിന് ശുപാർശകൾ ലഭിക്കുന്ന മുറയ്ക്ക്, അതത് വർഷങ്ങളിൽ തന്നെ ഭരണാനുമതി നല്കി വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്